Talented Bankers Literary Panel
പുസ്തക പരിചയം 243

പരിചയപ്പെടുത്തുന്നത്,
സുരേഷ് നാരായണൻ,
ധനലക്ഷ്മി ബാങ്ക്
മട്ടാഞ്ചേരി ശാഖ.

ഹൃദയം എന്ന പുരാവൃത്തം (കവിതകൾ) Dr.അരുൺ ലാൽ മൊകേരി.

*ഗിറ്റാർ :വിറക്കുന്ന കമ്പികൾ, പൊള്ളുന്ന നെറ്റികൾ*

കാമുകീ കാമുകന്മാർക്കു മാത്രം പ്രാപ്യമായ ചില രഹസ്യ ശബ്ദാവൃത്തികൾ ഉണ്ട്. അവയെ സൂക്ഷ്മമായി പിടിച്ചെടുക്കുന്നു അരുൺലാൽ മൊകേരി തന്റെ "ഹൃദയം എന്ന പുരാവൃത്തം" എന്ന സ്പർശിനിയിലൂടെ.

ആദ്യ കവിതാസമാഹാരമോ എന്ന് അനുവാചകനെ അത്ഭുതം കൂറിക്കുമാറുള്ള പ്രവാഹങ്ങൾ ആണ് 112 പേജുകളിലായ് ഒഴുകിപ്പരക്കുന്നത്.

കവിയുടെ ഭാഷയിൽ പറഞ്ഞാൽ,
'ചില കവിതകളിൽ നിന്ന് ഭാഷ
പെട്ടെന്ന് എണീറ്റ് ഒരു
ക്ലോറോഫോം തൂവാലയെടുത്ത്
മനസ്സിനെ പിടപ്പാറും വരെ
അമർത്തിപ്പിടിക്കുന്നു."
(മറു കവിത)

'കറ' എന്ന കവിതയുടെ ചുവട്ടിലാവട്ടെ, നഷ്ടപ്രണയം ബാഷ്പീകരിച്ചിരിക്കുന്നു.
"കഴുകിക്കലങ്ങിയ
വെള്ളം ഞാൻ കമിഴ്ത്തി
പിന്നെയലസം കരൾ തട്ടിൽ ,
കവിതച്ചെടിച്ചോട്ടിൽ"

യാത്രകൾ നമ്മോട് ഒരു പ്രതിപ്രവർത്തനമാണ് ചെയ്യുന്നത്.
വാഹനം മുൻപോട്ട് ഓടുമ്പോൾ
നമ്മൾ ഓർമ്മകളുടെയൊപ്പം
പുറകോട്ട് ഓടുന്നു.
അങ്ങനെ ധ്യാനലീനമായ അവസ്ഥയിൽ കവിയുടെ ബാക്ക്പാക്കിൽ നിന്നൂർന്നു വീണതാവാം 'നാം പോകേണ്ടുന്ന ഇടങ്ങൾ' എന്ന കവിത.

'സൂര്യൻ ഒരു മൂക്കുത്തിക്കല്ല്
ആവുന്നേടത്തേക്ക്' അത് നമ്മെ വിളിക്കുന്നു.

പ്രണയാതിർത്തിയിലേക്ക് നമ്മെ കൊണ്ടുപോകുന്നു 'സമുദ്ര സീമ'.
'നിന്റെ ചുണ്ട്
ചുവന്ന ചക്രവാളം.
അതിൽ ഓർമ്മത്തെറ്റു പോലെ
കുത്തനെ മറയുന്ന ഒരു പാമരം' എന്ന്
കാമുകിയാൽ ചങ്ങലക്കിടപ്പെട്ട കാമുകന്റെ പാട്ടാകുന്നു അത്.

കോളേജ് അധ്യാപകനായ കവിയെ
ഏതോ ഇടനാഴിയിൽ
വെച്ച് പിടികൂടിയതാവണം
'കള്ളൂണി' എന്ന കവിത.
"മരണത്തിൽ,
അവനുണ്ട കള്ള്, കവിത, കയ്പ്പ്
അത്രയും പരസ്യമായി ചത്തു കിടന്നു"
എന്നത് വായനക്കാരന്റെ മുഖത്തേക്കു ചിതറുന്നു.

ഭ്രൂണ -ഗർഭപാത്ര- പൊക്കിൾ ത്രയങ്ങൾ

സ്യഷ്ടാവായി സ്വയം നിനക്കുന്നതുകൊണ്ടാകാം,
മേൽപ്പറഞ്ഞ മൂന്നു ബിംബങ്ങൾ ആവർത്തിച്ചാവർത്തിച്ച്
കടന്നുവരുന്നുണ്ട് അരുണിന്റെ കവിതകളിൽ.

ഭ്രൂണവടിവിൽ
ചുരുട്ടി വെക്കുന്ന കാലുകളായും,

ഗർഭപാത്രത്തിന് ഇനിയും
കുഞ്ഞുങ്ങളെ പേറാനുള്ള
കൊതികൾ വിതയ്ക്കുന്ന വിവർത്തകനായും

പൂർത്തിയാവും മുമ്പ് ഉടൽ ഭിത്തി പറിഞ്ഞ് രക്തത്തിൽ മുങ്ങുന്ന
ഭ്രൂണനിലവിളിയായും

ഭ്രൂണം പറിഞ്ഞുപോയ അടിവയറിൻറെ പകപ്പായും

പ്രപഞ്ചത്തിൻറെ ഗർഭപാത്രത്തിൽ
ഊറിനിറയുന്ന ആകാശഗംഗയായും
ആ പ്രവാഹം ഒഴുകി
പുസ്തകത്തിൻറെ സർവ്വകോണുകളേയും നനയ്ക്കുന്നു

പ്രണയോന്മത്തൻ

സംശയമില്ല,
പ്രണയത്തിന്റെ പട്ടം തന്നെയാണ് കവിയുടെ വാനിൽ
ഏറ്റവുംഉയരത്തിൽ പാറിപ്പറക്കുന്നത്.

'ഓരോ പുലരിയിലും
നിൻറെ പല്ലാഴത്തിൻറെ നീല ഛവി
ഞാനുടലിൽ തിരയുന്നു' എന്ന് കവിയെക്കൊണ്ട്
എഴുതിക്കുന്നത്.

'ഈ മുറിയിൽ തളർന്നുറങ്ങുന്ന അവളോടൊപ്പം ഒന്നുറങ്ങൂ'
എന്നു വാശി പിടിപ്പിക്കുന്നത്.

'മഴ ചെരിഞ്ഞു പെയ്യുന്നൊരാ നെഞ്ചിലെ പഴയ പൂവെന്റെ പേരിൽ
കൊഴിക്കുക' എന്നു കരയിക്കുന്നത്.

'മറന്നുവോ സഖേ ,പഴയോരില
സരിത്തിൽ തന്നുടൽ അഴിച്ചു വെച്ചപോൾ പിണഞ്ഞ ജന്മവും അറിവും
ആത്മാവും നിനക്ക് തുല്ലിട്ട് തുലഞ്ഞ ജന്തുവെ?'
എന്നു വിലപിക്കുന്നത്.

ചുംബനത്തിലെ ഉമിനീരുറവകളെ പറ്റിയും
രതിയിലെ ചെമ്പരത്തിപ്പശിമയെ പറ്റിയും
എഴുതി കാമുകീ നെറ്റിയിലെ
പൊള്ളലാകുന്നത്.

'ലോകത്തെ കണ്ണടച്ചു പുറത്താക്കി പാലുകുടിക്കുന്ന' ചുംബിതന്മാരുടെ
പൂച്ച ക്കുശുമ്പാകുന്നത്

'കുതിക്കുന്നു കോമ്പസ്സുമുന കണക്കേ
മദം തീണ്ട കപ്പൽ നിൻ നഗരി ലാക്കായ്'
എന്നു നമ്മെ പകുത്തെടുക്കുന്നത്.

ഇങ്ങനെയൊക്കെയാണെങ്കിലും ചിത്രകാരൻ കൂടിയായ കവിയുടെ
ചിത്ര കവിതകൾക്കായി 57 ആം പേജ് വരെ കാത്തിരിക്കേണ്ടി വരുന്നു
നമുക്ക്.

രാവൊടുങ്ങിയിട്ടില്ല (ചില തോന്നലുകൾ)

'ഗിറ്റാറിൽ കാത്തിരുന്നവർ'
എന്ന കവിതയിൽ ഏഴു ജന്മങ്ങൾ ആയി ഏഴു കാലങ്ങളെ
അവതരിപ്പിക്കാമായിരുന്നു എന്നു തോന്നി

അതുപോലെ 'നിന്നിലേക്ക് ഒരു പുഴ'
ആവശ്യപ്പെടുന്നത്
'കിതച്ചൊഴുകുന്നു' എന്ന വരിയാണ്
എന്നും എന്നും തോന്നി.

'നിഷാദപർവ്വ'ത്തിനെയൊക്കെ
സംഗീതത്തിൻറെ വരണമാല്യം അണിയിച്ച്
സുഗന്ധം പൂശി QR കോഡോടു കൂടി അവതരിപ്പിക്കാമായിരുന്നു.

ഇങ്ങനെയൊക്കെയിരിക്കെത്തന്നെ,
വർത്തമാനത്തിന്റെ ക്യൂബ്, ധ്യാനരുചി, ബന്ധം അത്ഭുതലോകം ,
പൂർണ്ണമാദായ
ഇവയും മികച്ച രചനകൾ ആകുന്നതിലേക്കായി തമ്മിൽ തമ്മിൽ
മത്സരിക്കുന്നതു കാണാം.

'വിവർത്തകനെ' വായിച്ചപ്പോൾ രേണു മാഷിൻറെ
'വാരിവാരിപ്പിടിക്കു'മെന്ന കവിതയൊക്കെ ഓർമ്മ വന്നു.

അരുൺ,
ദാഹത്തിൻറെ ഒരു ദ്വീപിനെ
വാക്കുകളാൽ വരച്ചിടുന്നവനേ,
നിന്നെ കവിത മണക്കുന്നു ! അതിരൂക്ഷമായ്!

ധ്വനി ബുക്സ്
140/-